(ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാക്കേജ് പൂർണ്ണമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാക്കേജിൽ പറഞ്ഞിട്ടുള്ള പ്രതിമാസ പെൻഷൻ, പൂർണ്ണമായ സൗജന്യ ചികിത്സ, ബി.പി.എൽ. കാർഡ്, സൗജന്യ റേഷൻ തുടങ്ങിയവ ദുരിതബാധിതർക്ക് അനുവദിച്ചുവരുന്നുണ്ട്.

(സി) നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പാക്കേജിനുപുറമെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സാമ്പത്തികസഹായം ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ശാരീരിക വൈകല്യങ്ങളുള്ളവർ, ക്യാൻസർ രോഗികൾ എന്നീ വിഭാഗങ്ങൾക്ക് സർക്കാർ ഉത്തരവിന് അനുസൃതമായി നൽകിവരുന്നുണ്ട്. കൂടാതെ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്കും ഇത്തരത്തിൽ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ നടപടി

58 (T 7617) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാനുള്ള സർക്കാർ നടപടികൾ തൃപ്തികരമല്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരിതബാധിതരുടെ ക്ഷേമത്തിനായി ഒരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലെന്നും സാമ്പത്തികസഹായമുൾപ്പെടെയുള്ളവ യഥാസമയം നൽകുന്നതിൽ സർക്കാർ വീഴ്ചവരുത്തിയെന്നും കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനെത്തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) പുനരധിവാസ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) നിരീക്ഷിച്ചതായി അറിയില്ല.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) ദുരിതബാധിതരുടെ ക്ഷേമത്തിനായി ധാരാളം ആശ്വാസ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രതിമാസ പെൻഷൻ, പൂർണ്ണമായ സൗജന്യ ചികിത്സ, ദുരിതബാധിതർക്ക് ബി.പി.എൽ. കാർഡ്, സൗജന്യ റേഷൻ തുടങ്ങിയ ക്ഷേമപദ്ധതികൾക്കൊപ്പംതന്നെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സാമ്പത്തിക സഹായവും അർഹരായവർക്ക് അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഏഴോളം കേസ്സുകൾ നിലവിലുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരിൽ അർഹതയില്ലാത്തവർക്ക് സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്നകാര്യവും കോടതിയുടെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ വളരെ സൂക്ഷ്മമായി പരിശോധിച്ച് അർഹതയുള്ളവരെമാത്രം ലിസ്റ്റിൽ ഉൾപ്പെടുത്തി ആശ്വാസ നടപടികൾ സ്വീകരിക്കുകയുമാണ് സർക്കാർ ചെയ്തു വരുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും എതിരായ പരാമർശമുള്ളതായി അറിയില്ല.

എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ നബാർഡ് പാക്കേജ്

59 (7618) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ നബാർഡ് പാക്കേജിൽ എന്തുതുകയാണ് അനുവദിക്കപ്പെട്ടത് ;

(ബി) പ്രസ്തുത പാക്കേജിലെ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് ;

(സി) ഇനി സാങ്കേതികാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് ; കാലതാമസം വരാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 143.7673 കോടി രൂപയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) 201 പദ്ധതികൾക്കാണ് ഇതുവരെയായി സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 156 പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 35 പദ്ധതികൾക്ക് ഇനി സാങ്കേതികാനുമതി ലഭിക്കാനുണ്ട്. പദ്ധതികളുടെ പട്ടിക നിലവിലെ സ്റ്റാറ്റസ് അടക്കം അനുബന്ധമായി ചേർക്കുന്നു.* പദ്ധതികൾക്കാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുണ്ടായ തടസ്സങ്ങൾ വലിയ പദ്ധതികൾ എസ്റ്റിമേറ്റ്, സ്ട്രക്ചറൽ ഡിസൈനിംഗ് സംബന്ധമായ പ്രവൃത്തികൾക്കുള്ള കാലതാമസം എന്നിവയാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വൈകാനുണ്ടായ കാരണങ്ങൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly